KERALA CATHOLIC BISHOPS' COUNCIL'S

COMMISSION FOR SOCIAL HARMONY AND VIGILANCE




# JAGRATHA NEWS


219th Issue, Volume No.6 30th January 2012


## ജാഗ്രത

### പ്രധാന വാർത്തകൾ

അറബി വസന്തം എങ്ങോട്ട്?

പോൾ തേലേക്കാട്ട്

അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

ജോസ് കുറിയേടത്ത് സി.എം.ഐ

റോഡിൽ പൊലിയുന്ന മനുഷ്യജീവൻ

അവയവദാനം കടമ്പകളേറെ, നൂലാമാലകളും

പെൺകുട്ടികളെ വലയിലാക്കി അണ്ഡവിൽപന സജീവം

ജനപ്പെരുപ്പത്തിൽ മലപ്പുറം മുന്നിൽ

അന്തസ് കെടുത്തുന്ന മാധ്യമ സംസ്കാരം

ആഗോള ക്രൈസ്തവ ജനസംഖ്യ


Chairman

Bp. Mar Thomas Chakiath

Vice Chairmen

Bp. Joshua Mar Ignathios

Bp. Dr. Vincent Samuel

Secretary

Fr. Josey Ponnambel MSFS

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

# അറബി വസന്തം എങ്ങോട്ട്?

മൂന്നു രാജ്യങ്ങളിലെ രാഷ്ട്രാധികാരത്തെ അട്ടിമറിച്ച അറബി വസന്തം ജനാധിപത്യം സൃഷ്ടിക്കുമോ എന്ന ചോദ്യം ലോകം മുഴുവൻ ഉന്നയിക്കുന്നതാണ്. ഇല്ല എന്നു പ്രവചിക്കുന്നവരുണ്ട്. കാരണം മൂന്നിടങ്ങളിലും മുസ്ലീം മൗലികവാദികൾ അധികാരത്തിൽ വരുന്നു. പക്ഷേ, ലോകത്തിന്റെ പകുതിയോളം മുസ്ലീങ്ങൾ ജനാധിപത്യത്തിലാണ് ഇപ്പോൾ കഴിയുന്നത്. പാശ്ചാത്യരാജ്യങ്ങളിലെ ജനാധിപത്യത്തിന്റെ എല്ലാ അഴിഞ്ഞാട്ടങ്ങളും എടുത്തണിയാൻ അറബി സമൂഹങ്ങൾ തയ്യാറല്ല എന്നതു മനസ്സിലാക്കാവുന്നതേയുള്ളൂ. മതവിവാക്ഷിത എന്ന സെക്കുലറിസം മതവിരുദ്ധമാകുന്നതും മുസ്ലീങ്ങൾ ഭയത്തോടെ വീക്ഷിക്കുന്നു.

പക്ഷേ, അതുകൊണ്ട് മുസ്ലീം രാഷ്ട്രങ്ങൾ ജനാധിപത്യത്തിനു എതിരാണ് എന്നു വരുന്നില്ല. തിരഞ്ഞെടുപ്പുകളെ അവർ സ്വാഗതം ചെയ്യുന്നു. അറബി വസന്തം നടന്ന മൂന്നിടത്തും തിരഞ്ഞെടുപ്പ് നടന്നു. ആരു ഭരിക്കണമെന്നത് ജനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അത് സർവ്വാത്മനാ സ്വാഗതം ചെയ്യണം. ജനങ്ങൾ ഇസ്ലാംമത വിശ്വാസം കാത്തുസൂക്ഷിക്കുന്നവരെ ഭരിക്കാൻ തിരഞ്ഞെടുക്കുമ്പോൾ അത് ജനാധിപത്യത്തിൽ മാനിക്കപ്പെടണം. പക്ഷെ, മറ്റു മതങ്ങളോടും ന്യൂനപക്ഷങ്ങളോടും നീതി ചെയ്യുമോ?

ഈ നീതിയിലേക്കു അവർ വളരില്ല എന്നു വിധിക്കാനാവില്ല. പക്ഷെ, അതിനു ഒരു പ്രധാന വ്യവസ്ഥയുണ്ട്. ഇസ്ലാം മതം യുക്തിയെ അംഗീകരിച്ച് മുന്നോട്ടുപോകാൻ തയ്യാറാകുമോ? 20 ദശലക്ഷം ഇസ്മയ്ലി മുസ്ലിങ്ങളുടെ തലവനായ കരിം അഗ്ക ഖാൻ പറഞ്ഞു: "ഇസ്ലാം യുക്തിയുടെ വിശ്വാസമാണ്." ഇസ്ലാമിന്റെ ചരിത്രത്തിൽ യൂറോപ്പിൽ അവിചെന്ന ബൻ സിൻഗയുടെ (980-1038)യും പിന്നീട് അവഗറെയോസ് എന്നറിയപ്പെട്ട ഇബൻ റുഷ്ദി (1126-1198) യുടെയും യുക്തിയെയും വിശ്വാസത്തേയും കൂട്ടി ചിന്തിക്കാനുള്ള ശ്രമങ്ങൾ ഇസ്ലാമിൽ പരാജിതമായതു ഇസ്ലാമിന്റെ തളർച്ചയ്ക്കുതന്നെ കാരണമായി എന്ന പക്ഷക്കാരനാണ് ഇതെഴുതുന്നത്. ഇസ്ലാം അതിന്റെ വാതിലുകൾ തുറക്കണം. ആതിഥേയത്വത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് മറ്റ് മതങ്ങൾക്കും സംസ്കാരങ്ങൾക്കും ഭയപ്പാടില്ലാതെ യുക്തിയുടെ വിശ്വസനീയ അന്തരീക്ഷത്തിലേക്ക് വളരണം.

983-ൽ ബസറയിൽ ഇദ്ഭവിച്ച ഇക്വാൻ (IKhavan) എന്ന സംഘത്തിന്റെ 54 കത്തുകളിൽ 44-ാം ലേഖനത്തിന്റെ ഒരു ഭാഗം ഉദ്ധരിക്കട്ടെ "ഒന്നിച്ച് സത്യം അന്വേഷിക്കുന്നവരുടെ ഒരു സംഘമാണ് സഹോദരന്മാർ. ലോകത്തോട് വിപ്രതിപത്തിയും സത്യത്തോടു പ്രതിപത്തിയും അവരെ ഒന്നിപ്പിക്കുന്നു. ഈ സത്യം എവിടെനിന്നു വന്നാലും അത് ദൈവശാസ്ത്രമാണ്, അതു വിശുദ്ധ ശാസ്ത്രമാണ് - അതാണവരുടെ പ്രധാന താത്പര്യം." ഇങ്ങനെ തുറന്ന സമീപനത്തിന്റെ ആതിഥേയത്വത്തിന്റെ മഹത്തായ പാരമ്പര്യങ്ങൾ ഇസ്ലാമിലുണ്ട്. ആ പൈതൃകം വീണ്ടെടുത്തു ഭാവിയുടെ ചക്രവാളം അവർ സൃഷ്ടിക്കുമെന്ന വിശ്വസിക്കുന്നവന്റെ പ്രാർത്ഥനയാണിത്.

**പോൾ തേലക്കാട്ട്**

# അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

ജോസ് കുറിയേടത്ത് സി.എം.ഐ

അഴിമതി എന്ന പദം കൊണ്ടു നാം ഉദ്ദേശിക്കുന്നവയെ രണ്ടുതരമായി തിരിക്കാമെന്നു തോന്നുന്നു. താത്ത്വികമായ അടിസ്ഥാനത്തിലുള്ള തരംതിരിവല്ല ഇത്; ചർച്ചയും വിശകലനവും എളുപ്പമാക്കാൻ വേണ്ടിയുള്ള വിഭജനം മാത്രം. കൈക്കൂലി വാങ്ങരുത്, കൊടുക്കരുത് എന്നൊരു നിയമമൊഴിച്ച് മറ്റു നിയമങ്ങളൊന്നും ലംഘിക്കാതെയും മറ്റാരുടെയും അവകാശങ്ങളെ നിഷേധിക്കാതെയും, നിയമാനുസൃതം നടക്കേണ്ട കാര്യം തന്നെ വേഗത്തിൽ അല്ലെങ്കിൽ കാര്യക്ഷമമായി നടന്നുകിട്ടാൻ ഉദ്യോഗസ്ഥന്മാർക്കും നേതാക്കന്മാർക്കും കൊടുക്കുന്ന കൈക്കൂലിയെ ഒന്നാം ഗണത്തിൽപെടുത്താം. രണ്ടാമത്തെ ഗണത്തിൽ കള്ളപ്പണം, കള്ളനോട്ടടിക്കൽ, നികുതി വെട്ടിപ്പ്, കരാറുകളിലെ കമ്മീഷനുകളും കിക്ക്ബാക്കുകളും, വിവിധതരം വഞ്ചനകൾ മുതലായവ ഉൾപ്പെടുത്താം; ഇവ സമൂഹത്തിന്റെ നിയമങ്ങളെ മാത്രമല്ല മൂല്യസംവിധാനത്തെത്തന്നെ പാടെ നശിപ്പിക്കുന്നവയാണ്.

**കൈക്കൂലിയുടെ വേരുകൾ**

ആദ്യത്തെ ഗണത്തിൽ പെടുന്ന കൈക്കൂലി എന്ന അഴിമതി ഇന്ത്യയിൽ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളെയും ബാധിക്കുന്നവിധം വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്; ഇതിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെപ്പോലും മാറ്റി നിറുത്തിയിട്ടില്ല. പാവപ്പെട്ടവർക്കുപോലും അവശ്യസേവനം നൽകാൻ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുന്നെങ്കിൽ, കൈക്കൂലി ഇന്നു നമ്മുടെയിടയിൽ വ്യക്തിപരമായ തെറ്റ് എന്നതിനപ്പുറം സിസ്റ്റത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുന്നുവെന്നർത്ഥം. ഈ പ്രശ്നം ഇന്ത്യയിൽ മാത്രമല്ല, മിക്കവാറും എല്ലാ വികസ്വര രാജ്യങ്ങളിലും കാണാം.

കൈക്കൂലി ഇത്ര വ്യാപകമായിത്തീരുന്നതിനു പല കാരണങ്ങൾ ഉണ്ടാകാമെങ്കിലും, അവയിൽ പ്രധാനം മൂന്നാണെന്നു തോന്നുന്നു. ഒന്നാമത്, വികസ്വര രാജ്യങ്ങളിൽ പുരോഗതിയുടെ ഫലങ്ങൾ അനുഭവിക്കാൻ തുടങ്ങുന്ന ജനവിഭാഗങ്ങളുടെ ജീവിതത്തിൽ, നിയമാധിഷ്ഠിതമായ വരുമാനവും പുരോഗതിയുടെ ഫലമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാനാവശ്യമായ ചെലവും തമ്മിലുള്ള വിടവ് അനുദിനം വലുതായിവരുന്നു. അതുകൊണ്ട്, ഈ വിടവ് നികത്താൻ അനുവദനീയമല്ലാത്ത മാർഗങ്ങൾ തേടാൻ ഇക്കൂട്ടർ പ്രേരിതരാകുന്നു; കൈക്കൂലി വരുമാന വർദ്ധനവിനുള്ള പ്രധാനപ്പെട്ട മാർഗമായിത്തീരുന്നു. രണ്ട്, വികസ്വര രാജ്യങ്ങളിലെല്ലാം തന്നെ കാര്യക്ഷമതയില്ലാത്ത ഭരണകൂടങ്ങളാണല്ലോ നിലനിൽക്കുന്നത്. അതുകൊണ്ട്, ജനങ്ങളുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ, കാര്യം നടക്കാൻ വേണ്ടിയുള്ള ഒരുതരം ഇൻസെന്റീവ് ആയും കൈക്കൂലി കൊടുക്കൽ വ്യാപിക്കുന്നു. രാജ്യം കൂടുതൽ വികസിക്കുകയും പൗരന്മാരുടെ വരുമാനം വർദ്ധിക്കുകയും ചെയ്യുമ്പോൾ ഈ പ്രശ്നം കുറയാനാണു സാധ്യത. അതോടൊപ്പം വിദ്യാഭ്യാസവും സാങ്കേതികവിദ്യയുടെ ഉപയോഗവും മൂലം ബ്യൂറോക്രസി കൂടുതൽ കാര്യക്ഷമമായിത്തീരുകയും ചെയ്യുമ്പോൾ കൈക്കുലി പ്രശ്നം വളരെ കുറയുമെന്നാണ് ഈ ലേഖകൻ കരുതുന്നത്. അതുകൊണ്ടായിരിക്കണം വികസിതരാജ്യങ്ങളിൽ സാമാന്യജനങ്ങളെ ബാധിക്കുന്നവിധത്തിൽ കൈക്കൂലി ഇത്ര വ്യാപകമായി കാണാത്തത്.

മേൽപ്പറഞ്ഞവയ്ക്കൊപ്പം അവയേക്കാൾ പ്രധാനപ്പെട്ടതും ആഴത്തിലുള്ളതുമായ മറ്റൊരു കാരണവും കൂടിയുണ്ടെന്നു തോന്നുന്നു. വികസിത രാജ്യങ്ങളെന്നു പറയുന്ന യൂറോപ്പിലെയും വടക്കെ അമേരിക്കയിലെയും സമൂഹങ്ങളിൽ ഇന്നും അടിസ്ഥാനപരമായി ക്രൈസ്തവ സംസ്കാരത്തിന്റെ സ്വാധീനം നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലം സംഭവിച്ച സെക്കുലറൈസേഷൻ പ്രക്രിയയെ അതിജീവിച്ചുകൊണ്ട്, ക്രൈസ്തവികത നൂറ്റാണ്ടുകളെടുത്ത് സംഭാവന ചെയ്ത ചില മൂല്യങ്ങൾ ആ സമൂഹങ്ങളിൽ ഇന്നും നിലനിൽക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പരോന്മുഖതയും സേവനമനോഭാവവും. പരസ്പര സ്നേഹവും സേവനവുമാണല്ലോ ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര. ഇതു ക്രൈസ്തവ വിശ്വാസികൾ പാലിക്കുന്ന മൂല്യം എന്നതിലുപരിയായി, ആ സമൂഹങ്ങളിൽ ഇന്നും

മേൽപ്പറഞ്ഞവയ്ക്കൊപ്പം അവയേക്കാൾ പ്രധാനപ്പെട്ടതും ആഴത്തിലുള്ളതുമായ മറ്റൊരു കാരണവും കൂടിയുണ്ടെന്നു തോന്നുന്നു. വികസിത രാജ്യങ്ങളെന്നു പറയുന്ന യൂറോപ്പിലെയും വടക്കെ അമേരിക്കയിലെയും സമൂഹങ്ങളിൽ ഇന്നും അടിസ്ഥാനപരമായി ക്രൈസ്തവ സംസ്കാരത്തിന്റെ സ്വാധീനം നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലം സംഭവിച്ച സെക്കുലറൈസേഷൻ പ്രക്രിയയെ അതിജീവിച്ചുകൊണ്ട്, ക്രൈസ്തവികത നൂറ്റാണ്ടുകളെടുത്ത് സംഭാവന ചെയ്ത ചില മൂല്യങ്ങൾ ആ സമൂഹങ്ങളിൽ ഇന്നും നിലനിൽക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പരോന്മുഖതയും സേവന മനോഭാവവും. പരസ്പര സ്നേഹവും സേവനവുമാണല്ലോ ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര. ഇതു ക്രൈസ്തവ വിശ്വാസികൾ പാലിക്കുന്ന മൂല്യം എന്നതിലുപരിയായി, ആ സമൂഹങ്ങളിൽ ഇന്നു പൊതുസംസ്ക്കാരത്തിന്റെതന്നെ ഭാഗമായി മാറിയിരിക്കുന്നു. അതുകൊണ്ട്, ഭരണകൂടത്തിലുള്ളവരും പൊതുസമൂഹത്തിൽ പ്രവർത്തിക്കുന്നവരും മറ്റും, അവർ വിശ്വാസികളാകട്ടെ അല്ലാത്തവരാകട്ടെ, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതു സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി പരിഗണിക്കുന്നു. സമൂഹം ഏല്പിച്ചിരിക്കുന്ന ജോലികൾ ചെയ്യുന്നതിനു പ്രത്യേക ഇൻസെന്റീവ്, കൈക്കൂലി, അവർക്കാവശ്യമില്ല.

എന്നാൽ, ഭാരതീയ സംസ്കാരത്തിന്റെ അടിത്തറയായ ഹിന്ദുമതത്തിൽ സാമൂഹ്യബോധം ക്രിസ്തുമതത്തിലേതുപോലെ ശക്തമല്ല. അനേകം ജാതികളും ഉപജാതികളുമായി തിരിഞ്ഞിരിക്കുന്ന ഹിന്ദുമതത്തിൽ സ്വജാതിക്കപ്പുറത്തേക്കു കാണുവാനും ബന്ധപ്പെടുവാനും വേണ്ട മനോഭാവം രൂപപ്പെടുന്നതേയില്ല. തീണ്ടലും തൊടീലും ഉച്ചനീചതത്വങ്ങളും കാരണം സ്വജാതിയുടെ തീരെ ചെറിയ വൃത്തങ്ങളിൽനിന്നു പുറത്തുകടക്കാൻ ആ സമൂഹത്തിൽ ആർക്കും അനുവാദവുമില്ലായിരുന്നു. സ്വന്തം ജാതിക്കു പുറത്തു സാമൂഹ്യസമ്പർക്കങ്ങളുണ്ടാകുന്നത് അയിത്തമായി കരുതുകയും നിഷേധിക്കുകയും ചെയ്തിരുന്ന ഒരു സംസ്കാരത്തിൽ എങ്ങനെയാണു സാർവത്രികമായ സാമൂഹ്യബോധം വളർന്നുവരുക? ഒരു ജാതിയിൽപ്പെട്ടവനു മറ്റൊരു ജാതിയിലുള്ളവനുമായി സാമൂഹ്യബന്ധം പോലും നിഷിദ്ധമെങ്കിൽ, പിന്നെ സാമൂഹ്യ ഉത്തരവാദിത്വം ഉണ്ടാകുന്നതെങ്ങനെ? ഇതിനു പുറമെ, നമുക്കറിയാവുന്നതുപോലെ, ഹിന്ദുമതത്തിൽ സാമൂഹ്യചിന്ത പ്രോത്സാഹിപ്പിക്കാനും വളർത്താനും സഹായിക്കുന്ന സമൂഹ ആരാധനാരീതിയോ സമൂഹത്തെ കരുപ്പിടിപ്പിക്കുന്ന പൊതുഭരണകൂടമോ, എല്ലാ അംഗങ്ങൾക്കും ഒരേ കാഴ്ച്ചപ്പാടു പ്രദാനംചെയ്തു സാമൂഹ്യബോധമുണ്ടാക്കാനുതകുന്ന ഏക വേദഗ്രന്ഥമോ ഇല്ലല്ലോ. പല സഹസ്രാബ്ദങ്ങൾതന്നെ ഇങ്ങനെ വളർന്ന ഒരു സംസ്കാരത്തിൽ മറ്റുള്ളവർക്കു സേവനം ചെയ്യുകയെന്നതു ജീവിതശൈലിയായിത്തീരുക എളുപ്പമല്ലല്ലോ. ഹൈന്ദവ സമൂഹത്തിന്റെ ഈ സാംസ്കാരിക പ്രത്യേകത ഇവിടത്തെ ക്രിസ്ത്യാനികളെയും മുസ്ലീമുകളെയുംകൂടി കുറെയൊക്കെ സ്വാധീനിച്ചിട്ടുണ്ടന്നതിനു തെളിവാണ്, ഈ സമൂഹങ്ങളിൽപോലും കാണുന്ന ജാതിചിന്ത.

(തുടരും.........)

## ഔഷധരംഗത്ത് ഇടപെടാൻ സമയം വൈകി

കുറഞ്ഞ മരുന്നുകൊണ്ട് ഭേദമാക്കാവുന്ന രോഗങ്ങൾക്ക് വിലയേറിയ മരുന്നുകൾ നൽകുന്നത് തടയേണ്ടത് അത്യാവശ്യമാണ്. വില കൂടിയ മരുന്നുകൾ കൂടതൽ മെച്ചപ്പെട്ടതാണെന്ന തെറ്റിദ്ധാരണ വ്യാപകമാണ്. പൊതുജനങ്ങളെ ആന്റിബയോട്ടിക്കുകളുടെ അപകടത്തെക്കുറിച്ച് പഠിപ്പിക്കണം. ആന്റിബയോട്ടിക് മരുന്നുകൾ ഡോക്ടർമാരുടെ ചീട്ടില്ലാതെ നൽകുന്നത് കർശനമായി തടയണം.

### ഈ അച്ഛൻമാരെ എന്തുചെയ്യണം.

മാനുഷിക ബന്ധങ്ങൾക്ക് വിലയില്ലാത്ത സമൂഹം കാലഘട്ടത്തിന്റെ ദുരന്തമാണ്. അത്തരമൊരു ദുരന്തത്തിന്റെ പടിവാതിൽക്കലാണിപ്പോൾ കേരളം. മകളെ പീഡിപ്പിക്കുന്ന അച്ഛന്മാരിൽ നിന്നും അതിന്റെ ചോരപ്പണം വാങ്ങുന്ന അമ്മമാരിൽ നിന്നും കേരളത്തെ രക്ഷിക്കണം. മികച്ച ലൈംഗിക വിദ്യാഭ്യാസവും മാനുഷിക ബന്ധങ്ങൾക്ക് വില കൽപ്പിക്കുന്ന കുടുംബപാഠങ്ങൾക്കുംമാത്രമേ സമൂഹത്തിലെ ഇത്തരം പ്രവണതകൾ ഇല്ലായ്മ ചെയ്യാൻ കഴിയൂ.

### റോഡിൽ പൊലിയുന്ന മനുഷ്യജീവൻ

ബസുകളുടെ മൽസരയോട്ടത്തിനു തടയിടണം. റോഡ് സുരക്ഷാ കാര്യത്തിലെ നിസ്സംഗത തിരുത്തിയേ തീരൂ. റോഡു സുരക്ഷാനിയമങ്ങൾ കർശനമായി നടപ്പാക്കണം.

### പുതിയ പറുദീസ, പുതിയ ഭാഗ്യാന്വേഷികൾ

സംസ്ഥാനത്ത് പത്ത് ലക്ഷത്തിലേറെ അന്യ സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ് 2007-2008 ലെ നാഷണൽ സാമ്പിൾ സർവേ റിപ്പോർട്ട് പറയുന്നത്. ഇപ്പോൾ അത് 15 ലക്ഷമായി ഉയർന്നിട്ടുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. എന്നാൽ, സർക്കാരിന്റെ അടുത്ത് ഇവരെക്കുറിച്ച് വ്യക്തമായ ഒരു രേഖയുമില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്ര പേർ ഇവിടെ എവിടെയൊക്കെ ജോലി ചെയ്യുന്നുവെന്നോ ഏത് സംസ്ഥാനക്കാരാണെന്നോ ഉള്ള കൃത്യമായ വിവരങ്ങൾ തൊഴിൽ വകുപ്പിന്റെ പക്കൽ ഇല്ല.

## വെളുത്തചോറിന്റെ കറുത്ത രാഷ്ട്രീയം

രോഗം തരുന്ന വെളുത്ത ചോറ്. മലയാളി ജീവിതത്തിൽ അടിമുടി മാറ്റങ്ങൾ സംഭവിച്ചത് എഴുപതുകളോടെയാണ്. മലയാളി യുടെ രോഗാതുരതയുടെ വേരുകൾ കിടക്കുന്നത് മാറുന്ന ആഹാരശൈലിയിലാണ്. പാർപ്പിടം, വസ്ത്രം, ഭക്ഷണം എന്നിങ്ങനെ സമൂലമായുണ്ടായ മാറ്റം സാമൂഹികബന്ധങ്ങളിലും രാഷ്ട്രീയത്തിലും പ്രതിഫലിച്ചു.

### മലയാളിയുടെ ജനിതകക്രമം: കൂടുതൽ സാമ്യം ഉള്ളത് വെള്ളക്കാരനോട്

കേരളത്തിലെ ചികിത്സാരംഗത്തു വിപ്ലവകരമായ മാറ്റങ്ങൾക്കു തുടക്കം കുറിക്കാൻ സഹായകമായി മലയാളിയുടെ ജനിതകക്രമം പൂർത്തിയാക്കി. ജനിതകക്രമം നിർണ്ണയം ലഭിച്ചാൽ എല്ലാ രോഗങ്ങൾക്കും ഒരു പരീക്ഷണത്തിലൂടെ പരിഹാരം കണ്ടെത്താൻ സാധിച്ചേക്കും ജനിതകക്രമം നിർണയം ഏറെ സഹായകമാകുന്നതു ചികിത്സാരംഗത്താണ്. ഒരാൾക്ക് ഭാവിയിൽ ഉണ്ടാകുന്ന അസുഖങ്ങൾ മുൻകൂട്ടി കണ്ടെത്താം.

### അവയവദാനം കടമ്പകളേറെ, നൂലാമാലകളും

വൃക്കദാനം ചെയ്യാൻ തയ്യാറായി ആരെങ്കിലും സ്വമേധയാ മുന്നോട്ടു വന്നാലും നിയമപരമായ നൂലാമാലകളേറെ.ഒരുപാടു രേഖകൾ ഹാജരാക്കണം. സിറ്റി പൊലീസ് കമ്മീഷണറുടേയും വില്ലേജ് ഓഫീസറുടെയും സമ്മതപത്രം വേണം.പണത്തിനു വേണ്ടിയല്ല ദാനമെന്ന് ഓതറേഷൻ കമ്മറ്റിയെ ബോധ്യപ്പെടുത്തണം. രേഖകളിൽ പിശകുണ്ടായാൽ വീണ്ടും പിന്നാലെ നടക്കണം.നിയമം നല്ല ഉദ്ദേശ്യത്തോടെയാണെങ്കിലും നടപടിക്രമങ്ങൾക്കു വേഗം വേണം.

## ഭയരഹിതരായി ജീവിക്കാനും അവകാശമുണ്ട്

ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ നിർവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ പാതയോരത്തു യോഗം ചേരരുതെന്ന കോടതിവിധിക്കെതിരെ ഒരഭിപ്രായം പറഞ്ഞ അറിയപ്പെടുന്ന ഒരു നേതാവിനെ ജയിലിലടച്ചത് കേരളത്തിൽ സംഭവിച്ച ഒരു മനുഷ്യാവകാശ ലംഘനമാണ്. കോടതി നേരിട്ടാണു കേസ് നടത്തിയത്. ഒരു സംസ്ഥാനത്തിലെ നല്ലൊരു വിഭാഗം ജനങ്ങളുടെ നെഞ്ചിലെ തീയായ് മാറുന്നതും ഭയരഹിതമായി ജീവിക്കാനുള്ള മനുഷ്യരുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാകുന്നു.

## ഡോക്ടർമാർ കമ്പനി പാരതോഷികം വാങ്ങരുത്

പല പേരുകളിൽ ഡോക്ടർമാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് അവസാനിപ്പിക്കണം. ഇവ കുറയുന്നതോടെ ചികിൽസാച്ചെലവു കുറയും. വലിയ സ്വപ്നങ്ങളുമായി കടന്നു വരുന്ന യുവഡോക്ടർമാർ തെറ്റായ മാതൃക കൾ കണ്ടു വഴിതെറ്റുകയാണ്. നാം തന്നെയാണ് നമ്മെ തിരുത്തേണ്ടത്.

## സ്ത്രീ സംരക്ഷണ നിയമങ്ങൾ പുരുഷപീഡനമാകുന്നത് ഇങ്ങനെയാണ്

ഗാർഹിക പീഡനനിരോധന നിയമം ഫലപ്രദ മായി ആരും ഉപയോഗിക്കുന്നില്ലെന്നും ഉപയോഗിച്ചാൽ തന്നെ കോടതിയിൽ നിന്ന് സ്ത്രീകൾക്ക് വേണ്ടത്ര നീതി ലഭിക്കുന്നില്ലെന്നും വാർത്ത. എന്നാൽ ഇതിനു മറുവശമുണ്ട്. നിയമം ദുരുപയോഗം ചെയ്ത് നിരപരാധികളായ പുരുഷന്മാരെ പീഡിപ്പിക്കുന്നത് ബഹുജന ശ്രദ്ധയിൽ വരുന്നില്ല എന്നതാണ് അത്.

## പെൺകുട്ടികളെ വലയിലാക്കി അണ്ഡവിൽപന സജീവം

പണവും സൗഭാഗ്യങ്ങളും വാഗ്ദാനം ചെയ്ത് പെൺകുട്ടികളെയും യുവതികളെയും വലയിലാക്കി ആരോഗ്യമുള്ള അണ്ഡം ശേഖരിച്ച് വില്പന നടത്തുന്ന സംഘം സംസ്ഥാനത്ത് വ്യാപകമാകുന്നു. സ്കൂൾ വിദ്യാർഥിനികൾ മുതൽ 26 വയസ്സു വരെയിള്ള സ്ത്രീകളെയാണ് സംഘം തെരഞ്ഞെടുക്കുന്നത്. പത്രങ്ങളിലൂടെയും ഓൺലൈൻ കമ്യൂണിറ്റികളിലൂടെയും പരസ്യം ചെയ്താണ് ഇരകളെ കണ്ടെത്തുന്നുത്.

## ജനപ്പെരുപ്പത്തിൽ മലപ്പുറം മുന്നിൽ

ജനംസംഖ്യ നിയന്ത്രിക്കുന്നതിൽ വടക്കൻ ജില്ലകൾ വളരെ പിന്നിലായതായി കണക്കുകൾ വ്യക്തമാക്കുന്നു. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണമാണ് ജനസംഖ്യാ നിയന്ത്രണത്തിന്റെ ആധികാരികതയായി എടുക്കാവുന്നത്. സംസ്ഥാനത്ത് 2011 ലെ സെൻസസ് അനുസരിച്ച് ആകെ ജനസംഖ്യയുടെ 9.95 ശതമാനം മാത്രമാണ് ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം. സെൻസസ് പ്രകാരം ഇത് 11.91 ശതമാനമാണ്. ഏതാണ്ട് രണ്ട് ശതമാനത്തിന്റെ കുറവ് കഴിഞ്ഞ 10 വർഷത്തിനിടെ കുട്ടികളുടെ എണ്ണത്തിലുണ്ടായിട്ടുണ്ട്.

## അന്തസ് കെടുത്തുന്ന മാധ്യമ സംസ്കാരം

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ചാനൽ കാഴ്ചകൾക്കൊപ്പം പത്രങ്ങളും യഥേഷ്ടം വായിക്കപ്പെടുന്നുണ്ട്. ഇവിടെ ദിനം പ്രതി ഇറങ്ങുന്ന പത്രങ്ങളുടെ കോപ്പികളിൽ അടുത്ത കാലത്തുണ്ടായ വർധന ശ്രദ്ധേയമാണ്. ചാനൽ കാഴ്ചകൾക്കൊപ്പം പത്രവും ധാരാളമായി വായിക്കുന്നുണ്ട് എന്ന സത്യം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ചാനൽ വാർത്തകൾ നിർമ്മിക്കുന്നവർ അംഗീകരിക്കേണ്ട ഒരു കാര്യം കാണിക്കുന്ന വാർത്തകളുടെ സത്യാവസ്ഥ പിറ്റേദിവസം ജനങ്ങൾ വായിച്ചറിയുന്നുണ്ട് എന്ന യാഥാർത്ഥ്യമാണ്.

**US Jews, Muslims, Christians Join in Defense of Freedom, Marriage**

**WASHINGTON, D.C.**,- Leaders of some of the largest religious communities in the United States have joined together in an open letter to all Americans to voice their shared concern for marriage and religious freedom.

**Pope links economic crisis with individualism, urges reform**

Pope Benedict said that the economic crisis hitting much of the West is the result of self-centeredness but that it also presents an opportunity to reshape society. "The present crisis can, then, be an opportunity for the entire community to verify whether the values upon which social life is founded have generated a society that is just, fair and united," the Pope said at the Vatican's Apostolic Palace.

**Patriarch of Jerusalem urges acceptance of Christians**

The Latin Patriarch of Jerusalem, Archbishop Fouad Twal called for peace in the Holy Land and urged locals to overcome religious bigotry and help integrate the small Christian community into society. "Let us bring down the walls that separate us, let us pierce the barriers in men's hearts: the barriers of fear, of hatred and of ignorance," he said during the visit of a delegation of European and American bishops to promote peace in the region.

**Islamic court convicts Christian cleric**

An Islamic court in Kashmir has convicted a Protestant Pastor of converting Muslims to Christianity, while another pastor and a Catholic priest have been indicted on similar charges.

**Government to revamp nutrition drive**

The Indian government is looking to revitalize a nationwide campaign against widespread malnutrition, following the release of a report this week, the results of which the prime minister called a "national shame."



**Pope condemns persecution of Christians**

In his address to diplomats Benedict XVI laments violent attacks on Christians as well as efforts to push religion out of the public sphere



## India: religious call for law to protect domestic workers

Religious in India are urging the federal government to introduce a new law which would protect domestic workers and guarantee them basic employment rights.

Around 1,000 domestic workers, who gathered in the city of Indore to observe the International Domestic Workers Day, pledged to intensify their movement for decent work and legal protection.



## Pakistan: government destroys Catholic church, homes, school

The Punjab government in Pakistan stands accused of 'brutal injustice' for sending bulldozers into a Church-owned site and demolishing homes for poor, elderly and homeless people, a school for poor girls and a church.



## Pope Benedict: human development requires fighting climate change & poverty

In his message to the Vatican's diplomatic corps, the Holy Father said that environmental protection and the connection between fighting poverty and fighting climate change are important areas for the promotion of integral human development.



## Pope warns of threat to freedom of religion, conscience in US

Pope Benedict XVI warned visiting U.S. bishops that "radical secularism" threatens the core values of American culture, and he called on the church in America, including politicians and other laypeople, to render "public moral witness" on crucial social issues.



## Christians by Numbers Around the World

### Report Sees Shift in Global Distribution

ROME, Christians account for almost a third of the world's population. Thiswas one of the findings in a report published by the Pew Forum on Religion and Public Life.The data from the 2010 survey of more than 200 countries found that worldwide, there are 2.18 billion Christians, nearly a third of the estimated global population at that time of 6.9 billion.

The report looked at what has changed in the past century. Since 1910 the number of Christians nearly quadrupled, from about 600 million to more than 2 billion. In that time, however, world population rose sharply, from around 1.8 billion in 1910 to 6.9 billion. So, the percentage of Christians dipped a bit, goingfrom 35% to 32%.

Christians, nevertheless, remain the world's largest religious group. Muslims, according to previous studies by the Pew group, account for a bit under a quarter of the world's population. The survey found that almost half, 48%, of Christians live in the 10 countries with the largest number of Christians. Three of the top 10 countries are in the Americas -- the United States, Brazil and Mexico. Two are in Europe - Russia and Germany. Two are in the Asia-Pacific region -- the Philippines and China. And three are in sub-Saharan Africa -- Nigeria, Democratic Republic of the Congo and Ethiopia. In spite of so many being in a small number of countries, Christians are still a majority of the population in 158 countries and territories, about two-thirds of all the countries and territories in the world.

### Distribution shift

The spread of countries reflects a major shift in where Christians are to be found. In 1910, about two- thirds of the world's Christians lived in Europe. A century later only 26% of Christians live in Europe. More than a third are now found in the Americas, 37%. While just under a quarter, 24%, live in sub- Saharan Africa. The Asia-Pacific region accounts for 13%.

Taking Europe and the Americas together these two still make up a majority of Christians, with 63%. That is, however, a notable decline from the 1910 level of 93%. In both regions the numbers of Christians have dropped. In 1910, 95% of Europe's population was Christian, but by 2010 it was only 76%. In the Americas over the same period it went from 96% to 86%.

This decline contrasts with the dramatic change in sub-Saharan Africa. In 1910 only 9% were Christians, but a century later the Christian faith had exploded, making up 63% of the population. While the overall numbers in Asia and the Pacific are still low, the percentage more than doubled, from 3% to 7%. The Middle East and North Africa are the regions with the lowest number of Christians. They account for only about 4% of the population, or around 13 million people.

In fact, the report pointed out, there are more Christians in Indonesia, which has a Muslim majority, than there are in all the 20 countries in the Middle East and North Africa. And the changes in Africa mean that Nigeria now has more than twice as many Protestants as Germany, where the Protestant Reformation originated.

**Church groups**

There are 1.1 billion Catholics worldwide, according to the report. This means they account for half of the global Christian population. Brazil is the country with the largest number of Catholics, at 134 million. This means there are more Catholics in Brazil than in Italy, France and Spain combined. Catholics are a majority of the population in 67 countries. The Americas accounts for 48% of the global number, with almost 40% in Latin America alone. Europe comes second with 24% of the world's Catholics, while sub- Saharan Africa makes up 16% and the Asia-Pacific region has 12%.

The broad definition of Protestants the report uses means they number 801 million worldwide, or 37% of the global Christian population. Protestants form a majority of the total population in 49 countries.

Despite the European origins of the Protestant churches the survey found that only two of the 10 countries with the largest Protestant populations are European. The country with the largest number of Protestants is the United States, with about 160 million, making up 20% of the worldwide total. Nigeria comes second, with nearly 60 million Protestants, and China is in third place with approximately 58 million. China, in fact, has the world's seventh-largest Christian population, which the report estimated at 67 million. The report acknowledged the difficulty of obtaining reliable data on religion in China, but according to its results, in Asia only the Philippines, with 87 million, have more Christians.

There are about 260 million Orthodox Christians, the study found, which accounts for 12% of the global Christian population. Russia is home to the largest group of Orthodox with 39% of them. Ethiopia has the second-largest population, 13.4% of the global number. While Constantinople is the seat of the Patriarch of Constantinople, Turkey's Orthodox population is small, at about 180,000. Despite Ethiopia's large numbers Europe remains the center of Orthodox Christianity, with 77% of the global numbers. The report gives a more precise idea of what observers have been commenting on in recent years regarding the shift of Christianity to the Global South. The rapid growth of Christians in Africa and China will likely continue, with significant implications for Christianity.

**Vatican to issue recommendations for celebrating Year of Faith**

VATICAN CITY -- In an effort to help Catholics have a better and correct understanding of their faith and become authentic witnesses to Christ, the Vatican is issuing a list of pastoral recommendations or celebrating the Year of Faith. The Congregation for the Doctrine of the Faith released a "note" outlining the aims of the special year and ways bishops, dioceses, parishes and communities can promote "the truth of the faith," the congregation said in a written statement. It also announced that within the Pontifical Council for Promoting New Evangelization, a secretariat would be set up to suggest and coordinate different initiatives. The new department will be responsible for launching a special website for sharing useful information on the Year of Faith. Pope Benedict XVI wanted the Year of Faith, which runs from Oct. 11, 2012, to Nov. 24, 2013, to help the church focus its attention on "Jesus Christ and the beauty of having faith in him,"

കേരളത്തിലും കേരളത്തിനു പുറത്തും സാമുദായിക രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാശാസ്യ പ്രവണതകളെ കണ്ടെത്തുകയും, അവയെ ഇല്ലാതാക്കാനുള്ള പദ്ധതി കണ്ടെത്തുവാനുള്ള കെ.സി.ബി.സി. ജാഗ്രതാ സമിതിയുടെ ഭാഗമായിട്ടാണ് ഈ ബുള്ളറ്റിൻ പ്രസ്ദ്ധീകരിക്കുന്നത്.

അറേബ്യയിൽ നടന്ന തിരഞ്ഞെടുപ്പ് ഫലത്തിന്റെ പശ്ചാത്തലത്തിൽ മെച്ചപ്പെട്ട സംവിധാനം ന്യൂനപക്ഷങ്ങൾക്ക് ഉപകാരപ്രദാമായ ഭാവി ഉണ്ടാക്കുമോ എന്ന സംശയം പ്രകടിപ്പിക്കുന്നു. അഴിമതിയെ വിശകലനം ചെയ്ത് അതിന്റെ കാരണങ്ങൾ കണ്ടെത്താനുള്ള കുറിയേടത്തച്ചന്റെ ശ്രമം ആത്മവിശകലനത്തിന് നമ്മെ ഒരുക്കുന്നു.

മലയാളിയുടെ സാമൂഹികചക്രവാളത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ ഉന്നയിക്കുന്നതാണ് നടുത്തളം. ഇംഗ്ലീഷ് മരുന്നുകളെക്കുറിച്ചുള്ള പരാതികൾ ആഴമാർന്ന ശ്രദ്ധ അർഹിക്കുന്നതാണ്. അവ പരിഹരിക്കാൻ സർക്കാരും രോഗികളും ഭിഷഗ്വരന്മാരും കൂട്ടായി ശ്രമിച്ചാൽ മാത്രമേ കഴിയൂ. മാതാപിതാക്കൾ മക്കളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് ഗൗരവത്തിൽ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. ബസ്സുകളുടെ അനിയന്ത്രിത വേഗതയും അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികളുടെ എണ്ണപ്പെരുപ്പവും മലയാളിയുടെ മാറിയ ആഹാരക്രമവും ഒക്കെ വരുത്തി വയ്ക്കുന്ന അപകടകരമായ പ്രവണതയും ചർച്ച ചെയ്യപ്പെടേണ്ടതാണ്. മലയാളിയുടെ ജനിതക നിർണ്ണയം ശുഭോദർക്കമായ ദിശയിലാണെന്നത് ആശ്വാസദായകമാണ്. അവയവദാനത്തിന്റെ സാങ്കേതികത ഗുണമോ ദോഷമോ എന്നത് കാലം തെളിയിക്കേണ്ടതാണ്. ഡോക്ടർമാർ അനിയന്ത്രിതമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് നീതിയല്ല.

വിശ്വാസവർഷം ആചരിക്കുമ്പോൾ യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ സൗന്ദര്യം ആസ്വദിക്കാനുള്ള ശ്രമമായിരിക്കണം പ്രധാനമെന്ന ബനഡിക്ട് പാപ്പായുടെ ആഹ്വാനം ഏറെ ശ്രദ്ധയാകർഷിക്കുന്നു. ലോകജനസംഖ്യയിലെ ക്രൈസ്തവരുടെയും, കത്തോലിക്കരുടെയും എണ്ണത്തെക്കുറിച്ചുള്ള പഠനം പല വിശകലനങ്ങൾക്കും സഹായകരമാണ്.

കാലാകാലങ്ങളിൽ സമൂഹം ചികഞ്ഞു കണ്ടെത്തേണ്ട അനാശാസ്യ പ്രവണതകളെ മുന്നോട്ട് വെക്കാൻ ഐക്യജാഗ്രതാ സമിതി നടത്തുന്ന പ്രവർത്തനങ്ങളിൽ കേരളീയ സമൂഹത്തിന്റെ സഹായവും പിന്തുണയും അഭ്യർത്ഥിക്കുന്നു. ഇനിമുതൽ രണ്ടാഴ്ചയിൽ ഒരിക്കൽ മാത്രമേ ഈ ബുള്ളറ്റിൻ വിഭാവനം ചെയ്യുകയുള്ളൂ. ഇത് പ്രസിദ്ധീകരിക്കാൻ സഹായിച്ച ഇതിന്റെ പിന്നണി പ്രവർത്തകർക്ക് അഭിവാദനം അർപ്പിക്കുന്നു. ഇത് കുറച്ചുപേർക്ക് മാത്രം ചെയ്യാവുന്ന കാര്യമല്ല. കൂട്ടായ പ്രവർത്തനം ആവശ്യമാണ്. കഴിയുന്നത്ര പേർ ഈ പ്രക്രിയയിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഈ ബുള്ളറ്റിനിലെ വിവരങ്ങളെക്കുറിച്ചു നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ ജാഗ്രതാ സമിതിക്ക് അയച്ചുതരുക.

**Secretary**
**Fr. Josey Ponnambel MSFS**


**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com

**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA